

# പ്രാദേശികാധികാരങ്ങളും നിയമവും: ഭൂഗർഭജല വിനിയോഗ നിയന്ത്രണങ്ങളെ അടിസ്ഥാനമാക്കി ഒരു വിശകലനം

മിനി

ഫോട്ടോ : മധുരാജ്, മാതൃഭൂമി

ഇന്ത്യയിൽ നിയമങ്ങൾ ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ നിർമ്മിക്കപ്പെടുന്നവയാണ്. നിയമവാഴ്ച (Rule of law) യിൽ വിശ്വസിക്കുന്ന ഒരു ജനത നിയമങ്ങൾ അനുസരിക്കാതെ വയ്യ. എന്നിട്ടും ഇത്രയേറെ ജനപ്രക്ഷോഭം നേരിടുന്ന പ്ലാച്ചിമട ജലചൂഷണം പോലെയുള്ള അവസരത്തിൽ നിയമം ജനങ്ങളെ സഹായിക്കുന്നില്ല എങ്കിൽ അതിന്റെ കാരണങ്ങൾ അന്വേഷിക്കുന്നത് ഉചിതം തന്നെ. നിയമങ്ങളുടെ ഒരു സാധാരണരീതി വച്ച് നോക്കുമ്പോൾ പലതും കാലങ്ങളെ അതിജീവിച്ചു നിൽക്കുന്നതായി കാണാം. ചില നിയമങ്ങളാകട്ടെ പ്രവൃത്തിപഥത്തിലെത്തുമ്പോൾ അതിന്റെ ഉദ്ദേശ്യം തന്നെ ഇല്ലാതാക്കുന്ന രീതിയിലായി പോകും. ഒരു പരിധിവരെ നിയമനിർമ്മാണത്തിൽ വരുന്ന പിഴവാണത്. സാഹചര്യങ്ങൾ മാറിവരുമ്പോൾ ഈ നിയമം അനുയോജ്യമല്ലാതെ വരുന്നതുമാകാം. വ്യക്തതയില്ലായ്മ മറ്റൊരു കാരണമാണ്. ഇതുപോലുള്ള കാരണങ്ങളെ അതിജീവിക്കുന്നതിനാണ് നിയമത്തിൽ ഭേദഗതികൾ കൊണ്ടുവരുന്നത്.

ഭൂഗർഭജലത്തെക്കുറിച്ച് നേരിട്ടു പ്രതിപാദിക്കുന്ന നിയമങ്ങളാണ് 'കേരള ഭൂജല നിയന്ത്രണവും ചിട്ടപ്പെടുത്തലും നിയമം, 2002', ജല (മലിനീകരണ നിയന്ത്രണവും തടയലും) നിയമം 1974 എന്നിവ. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പ്രാദേശികമായ അധികാരങ്ങൾ കേരള പഞ്ചായത്തീരാജ് നിയമം 1994 അനുസരിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്നു. പഞ്ചായത്ത് രാജ് നിയമത്തിന്റെ അടിസ്ഥാനംതന്നെ പ്രാദേശികമായ വികസന പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയാണ്. ഒരു കേന്ദ്ര ഏജൻസീസ് അല്ലെങ്കിൽ സ്റ്റേറ്റ് ഗവൺമെന്റ് ആ രാജ്യത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്തിരുന്ന് ഭരിക്കാതെ പ്രാദേശിക കാര്യങ്ങളിൽ തദ്ദേശവാസികൾ തന്നെ തീരുമാനമെടുക്കുക എന്നതാണ് ഉദ്ദേശിക്കുന്നതും. ഭരണഘടനയിൽ 11-ാം Schedule കൂട്ടിച്ചേർത്തപ്പോൾ അതിൽ 3-ാം ഐറ്റം ആയി മൈനർ ഇറിഗേഷൻ, Water Management and Water Shed Development എന്നിവ ചേർക്കുകയുണ്ടായി. ഗ്രൗണ്ട് വാട്ടർ എന്നു മാത്രമായി എവിടെയും ഒരു ഐറ്റം കൊടുത്തിട്ടുമില്ല. പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 166ൽ മൂന്നാം ഷെഡ്യൂളിൽ ട്യൂബ് വെൽസ് ജലസേചനത്തിനുവേണ്ടിയുള്ള കിണറുകൾ എന്നിവയെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. എന്നാൽ ഇത് ഭൂജലത്തിന്റെ ആപത്കരമായ ചൂഷണത്തെ തടയാൻ പര്യാപ്തമല്ല. അതിനാൽ മൂന്നാം ഷെഡ്യൂളിൽ 'Control on unauthorised use of surface and ground water' എന്നുകൂടി ചേർത്താൽ പഞ്ചായത്തുകൾക്ക് വളരെ വ്യക്തമായി അവരുടെ അധികാരം ഉപയോഗിക്കാവുന്നതാണ്. അതുപോലെതന്നെ 'Public water course, springs, reservoir എന്നിവയിലുള്ള പ്രിസ്ക്രിപ്റ്റീവ് റൈറ്റ് പഞ്ചായത്തിൽ നിക്ഷിപ്തമാണെന്നു (സെക്ഷൻ 218) പറയുന്നു. ഭരണഘടനയിലെ 11-ാം ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ ഭൂജലത്തിനുമേൽ സ്റ്റേറ്റിന് അധികാരമുണ്ടെന്നുള്ള വസ്തുതയെ ഉൾക്കൊള്ളാൻ ഈ വകുപ്പ് പര്യാപ്തമല്ല. അതോടൊപ്പം ഒരു non obstante clause ആയി 'underground water is to be kept in trust in govt. and local utilisation and consumption shall be planned and managed by local authority in occurance with the plans drawn in advance taking into consideration of the hydraulic nature of the region എന്നുകൂടി വന്നാൽ ഭൂഗർഭജലത്തിന്റെ അവകാശം ഗവൺമെന്റിലും നിയന്ത്രണം ലോക്കൽ അതോറിറ്റിയിലും കൊണ്ടുവരാൻ കഴിയുമെന്ന് തോന്നുന്നു. 232, 233, 234 വകുപ്പുകൾ ലൈസൻസ് & പെർമിറ്റിനെക്കുറിച്ചാണ്. 232-ാം വകുപ്പിന്റെ കീഴിൽ (Dangerous and offensive Trades & Factories) 1996ൽ ചട്ടങ്ങൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും അത് aeraetd water ശീതളപാനീയങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം, സംഭരണം, വിൽപ്പന എന്നിവയെക്കുറിച്ചു മാത്രമാണ്. മലയാളികൾ എന്നെങ്കിലും കുപ്പിയിലടച്ചു വിൽപ്പനക്കു വച്ചിരിക്കുന്ന വെള്ളം വാങ്ങിക്കുടിക്കേണ്ടിവരുമെന്ന് സ്വപ്നത്തിൽപോലും വിചാരിച്ചിട്ടില്ല. ആ സാഹചര്യം വന്ന സ്ഥിതിക്ക് അതുകൂടി മേൽപ്പറഞ്ഞ പട്ടികയിൽ ചേർക്കാവുന്നതാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്നവർക്ക് പെനാൽറ്റി പറയുന്ന വകുപ്പാണ് 236. ഇതനുസരിച്ച് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നവർ 1000 രൂപയിൽ കൂടാത്ത പിഴയോ വീണ്ടും

ആവർത്തിച്ചാൽ കൂടിയ ശിക്ഷാനടപടികളോ പഞ്ചായത്തിനെടുക്കാവുന്നതാണ്. ഈ വകുപ്പിനോടൊപ്പം 'Secretary can issue notice to alter, reserve and as far as practicable to restore to it original state എന്നും പറയുന്നു. അതോടൊപ്പം വിദഗ്ധരുടെ കമ്മിറ്റി ശുപാർശ ചെയ്യുന്നപ്രകാരം പുനർനിർമ്മിതിക്കാവശ്യമായ തുക defaulters ൽ നിന്നു പിരിക്കുകയും അത് കരമടയ്ക്കാതെ വന്നാൽ ചെയ്യുന്ന പോലെ വസൂലാക്കുകയും ചെയ്യുന്നതിനുള്ള അധികാരം കൂടി ചേർക്കേണ്ടതുണ്ട്. Section 239 (3) (d) ൽ to regulate or prohibit watering of cattle ..... in any stream well, pond or other excavation reserved for drinking water എന്നും പറഞ്ഞിട്ടുണ്ട്. 'nuisance' എന്നു പറയുന്നത് ഏതുകാര്യത്തെയും വ്യാഖ്യാനിച്ച് അതിനുള്ളിലാക്കാൻ കെൽപ്പുള്ളതും അതുപോലെതന്നെ പുറത്താക്കാൻ കെൽപ്പുള്ളതുമായ പദമാണ്. അതിനോടൊപ്പം Sec 239 (3) (e) ആയി to regulate any activity which affects the quality of drinking water, under ground or surfaces, within its area എന്നുകൂടി പറഞ്ഞാൽ പഞ്ചായത്തിനുള്ള അധികാരം കൂടുതൽ ഫലവത്തായി ഉപയോഗിക്കാൻ പറ്റുമെന്നു തോന്നുന്നു. 254-ാം വകുപ്പിൽ 2 (iii) ൽ Prohibiting or regulating the use for any specified purpose of any public spring tank well or water course or any private... ഗവൺമെന്റിന് അധികാരമുണ്ടെന്നു പറയുന്നു. ഈ ചട്ടങ്ങൾ മേൽപ്പറഞ്ഞവയിലേക്കായി ഒതുക്കിനിർത്താതെ any surface or ground water എന്നുകൂടി ചേർക്കാവുന്നതാണ്. സർവ്വോപരി ഭൂജലം എന്തെന്നു നിർവ്വചിക്കുകയും അതിന്റെ അവകാശം ആരിൽ നിക്ഷിപ്തമായിരിക്കുന്നുവെന്ന് വ്യക്തമാക്കുകയും ചെയ്യേണ്ടതുണ്ട്. അതിനോടൊപ്പം, ഏതുതരത്തിലുള്ള നിയമനിർമ്മാണം നടത്തിയാലും മുൻഗണന കുടിവെള്ളത്തിനും കാർഷികാവശ്യങ്ങൾക്കുമായി പ്രത്യേകം വ്യവസ്ഥ ചെയ്യേണ്ടതുണ്ട്. അത്യാവശ്യമാണ്. ഈ രീതിയിൽ ഭൂജല വിനിയോഗ നിയന്ത്രണം വ്യക്തമാക്കിയില്ലെങ്കിൽ കോടതി വ്യാഖ്യാനം ജനഹിതത്തിനെതിരായി വന്നേക്കാം. കാരണം കോടതികൾ നിയമത്തിന്റെ വഴിയേ നീതി നിർവ്വഹിക്കുന്നവരാണ്. അപ്പോൾ നിയമത്തിന്റെ ചട്ടക്കൂടുകൾ ദൃഢമാക്കുകയാണ് പോംവഴി.

മദ്രാസിലെ ഭൂഗർഭജല നിയന്ത്രണ നിയമം നമ്മുടേതിനേക്കാൾ ശക്തവും വ്യക്തവുമാണ്. വെള്ളം എടുക്കുന്നതിനും ഉപയോഗിക്കുന്നതിനും ഒരിടത്തുനിന്നു മറ്റൊരിടത്തേക്കു കൊണ്ടുപോകുന്നതിനുമൊക്കെ വളരെയേറെ നിയന്ത്രണങ്ങളാണ്. നമ്മുടെ അവസ്ഥ സമീപഭാവിയിൽ അതുപോലെ ആയേക്കാമെന്നു കരുതിതന്നെ ഇപ്പോൾ നിയമനിർമ്മാണം നടത്തേണ്ടതുണ്ട്. വിദേശരാജ്യങ്ങളിലുള്ള നിയമങ്ങൾ പരിശോധിച്ചാലും ഭൂഗർഭജലവിഭവ സംരക്ഷണത്തിന് അവർ കൊടുക്കുന്ന ഊന്നൽ മനസ്സിലാക്കാനാവും. എന്നാൽ നമ്മുടേതുമായി ജലാവകാശത്തിലെ അടിസ്ഥാന സങ്കല്പങ്ങളിലുള്ള (basic concept) വിത്യാസം വിസ്മരിക്കാനാവില്ല.

നോട്ടിഫൈഡ് ഏരിയാകളിൽ കടുത്ത നിയമങ്ങൾ വഴി ജലം സംരക്ഷിക്കുന്ന പോലെതന്നെ ഇപ്പോഴുള്ള ജലസ്രോതസ്സുകൾ (ഉപരിതല ജലവും ഭൂജലവും) സംരക്ഷിക്കുന്നതിനും പുഷ്ടിപ്പെടുത്തുന്നതിനുമുള്ള നിയമങ്ങൾ കൂടി ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇപ്പോൾ വിവിധ നിയമങ്ങളുടെ പരിധിയിൽ കിടക്കുന്ന കാര്യങ്ങൾ ക്രോഡീകരിച്ച് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതുവഴി ജലസംരക്ഷണവും മാനേജ്മെന്റും ലോക്കൽ അതോറിറ്റീസിന്റെ കീഴിലാക്കണം. അതുകൂടാതെ ഓരോ ഭൂവിഭാഗത്തിന്റെയും സവിശേഷതകൾ ഉൾപ്പെടുന്ന ഒരു മാപ്പ് തയ്യാറാക്കി അതിനനുസരണമായി വേണം നിയമങ്ങൾ നടപ്പിലാക്കുവാൻ. അതോടൊപ്പം പൊതുജനങ്ങളുടെ അഭിപ്രായത്തിന് ഊന്നൽ നൽകുന്ന പൊതുതെളിവെടുപ്പുകൾ (Provisions for Public hearing before taking actions) നിയമങ്ങളിൽ വ്യവസ്ഥ ചെയ്യണം.

ഈ അവസ്ഥയിൽ പ്രത്യേക പരാമർശം അർഹിക്കുന്ന ഒരു കാര്യമുണ്ട്. ഇന്ത്യ WTO ൽ അംഗമായ സ്ഥിതിക്ക് എല്ലാ നിയമങ്ങളും അതിനനുസരണമായി രീതിയിൽ എഴുതപ്പെടുകയോ വ്യാഖ്യാനിക്കപ്പെടുകയോ ചെയ്യുന്നുവെന്നുള്ളത് യാഥാർത്ഥ്യം മാത്രമാണ്. ഒരു രാജ്യത്തിന്റെ പരമാധികാരം (Soverei- gnity) ഇത്രയേറെ ചർച്ച ചെയ്യപ്പെടുന്ന ഒരു കാലഘട്ടം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല എന്നു വേണം പറയാൻ. ആഗോളവൽക്കരണം നൽകുന്ന തൊഴിൽ സാദ്ധ്യതകളും അഭിവൃദ്ധിയും തള്ളിക്കളയാനുമാവില്ല. അപ്പോൾ നമുക്ക് പ്രയോജനപ്പെടുന്ന രീതിയിൽ നമ്മുടെ പൈതൃകസമ്പത്തിനെ ചൂഷണം ചെയ്യാത്ത വിധത്തിൽ സാഹചര്യങ്ങളെ ഉപയോഗപ്പെടുത്തുക എന്നതുമാത്രമാണ് പോംവഴി. പക്ഷെ അതെത്രമാത്രം സാധ്യമാണെന്ന ചോദ്യത്തിന് ഉത്തരമില്ല. കാരണം അമേരിക്കപോലും ബഹുരാഷ്ട്ര കുത്തകകളുടെ താത്പര്യമനുസരിച്ചാണ് തീരുമാനങ്ങൾ എടുക്കുക. അവരാണ് ഇന്നത്തെ (1) ഭരണവരേണ്യർ, ഈ ഭൂമിയുടെ ഏതു കോണിൽ ഏതു നിധിയാണ് ഉള്ളതെന്ന് അറിയാൻ മാത്രം വികസിതമാണ് അവരുടെ ശാസ്ത്രം. ലാഭേച്ഛ മാത്രമാണ് അവരെ ഭരിക്കുന്ന തത്വം. നേരെ നിവർന്നുനിന്ന് ഒടിഞ്ഞു വീഴുന്നതിനേക്കാൾ മുളയുടെ തന്ത്രമാണ് ഉപകരിക്കുക. 'ഇങ്ങോട്ടു വരേണ്ട' എന്നു നമ്മൾ പറയേണ്ടതില്ല. ഭൂഗർഭജലംഊറ്റുന്നതിന് സ്റ്റാൻഡേർഡ് നിശ്ചയിക്കേണ്ടതു നമ്മളാണ്. അതിനപ്പുറമുള്ളതൊന്നും നടക്കില്ല. എന്നു പ്രത്യേകിച്ചു പറയേണ്ടതുമില്ല. വെറുതെ ഒഴുകിപ്പോകുന്ന ജലം അവരെടുത്ത് കോള ഉണ്ടാക്കട്ടെ. പക്ഷെ ഇവിടെ വിൽക്കുന്ന ഓരോ സാധനത്തിന്റെയും ഗുണനിലവാരം നമ്മൾ നിശ്ചയിച്ചു വെച്ചിട്ടുണ്ടാകണമെന്നു മാത്രം. അവരെ സംബന്ധിച്ചിടത്തോളം കുറഞ്ഞ വേതനത്തിനുള്ള അദ്ധ്വാനം ഇവിടെയുണ്ട്. പക്ഷേ സേവനവേതന വ്യവസ്ഥകൾ നമ്മൾ ഉണ്ടാക്കി വച്ചിട്ടുണ്ടാകണം. ഈ വ്യവസ്ഥകൾ പാലിക്കപ്പെടുമെന്ന് ഉറപ്പുവരുത്തുന്ന ഒരു നിയമസംവിധാനവും ഇവിടെയുണ്ടെങ്കിൽ നമ്മൾ ആരെ പേടിക്കണം? ഈ വ്യവസ്ഥകൾ അവർക്കു ബാദ്ധ്യതയാകുമെങ്കിൽ നമ്മൾ അവരെ ഓടിക്കേണ്ട ആവശ്യമില്ല, കാരണം അവർ വരില്ലതന്നെ.

ഗവേഷക, സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്,
'കുസാറ്റ്', കളമശ്ശേരി

TRAINING PROGRAMS FOR
IELTS TOEFL
SPOKEN ENGLISH
COMPUTER COURSES
C, C++, VB
Java, .Net
Oracle 9i, C#
SENSORIUM
4th FLOOR, CITY CENTRE, TRICHUR.
0487-2320478, 3093095